# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4647 | 18.12.2014 ൽ മറുപടിക്ക് |
|---|---|

### ഹയർസെക്കന്ററിയിലെ അദ്ധ്യാപക നിയമനം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എം.ഉമ്മർ | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർസെക്കന്ററി ഡയറക്ടറുടെ 02.12.2004-ലെ ADB1/110480/01/HSE ഉത്തരവ് പ്രകാരം നടത്തിയ 1437 അദ്ധ്യാപകരുടെ നിയമനം എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വിശദമാക്കാമോ; | 01.01.1999-ലെ സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവിന്റെയും 11.10.2004-ലെ സർക്കാർ ഉത്തരവ് (കൈ)312/04/പൊ.വി.വ നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് 1990 മുതൽ സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വരുന്നത് വരെയുള്ള എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികകളിലെ 1437 പേരുടെ തസ്തികമാറ്റ നിയമനം 02.12.2004-ലെ എഡിബി1/11048/01/എച്ച്.എസ്.ഇ നടപടി ക്രമ പ്രകാരം റഗുലറൈസ് ചെയ്തിട്ടുള്ളത് |
| (ബി) | നേരിട്ടും തസ്തിക മാറ്റവും വഴിയുള്ള നിയമനത്തിന്റെ 3:1 എന്ന അനുപാതം ഇതിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | ഇല്ല. മേൽ അദ്ധ്യാപകരെല്ലാം സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ബൈട്രാൻസ്ഫർ മുഖാന്തിരം നിയമനം ലഭിച്ചവരാണ്. 3:1 അനുപാതം നിഷ്ക്കർഷിച്ചിട്ടുള്ളത് സ്പെഷ്യൽ റൂളിലാണ്. |

| | | |
|---|---|---|
| (സി) | ഈ നിയമനത്തിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | മേൽ നിയമനത്തിൽ അപാകതകളൊന്നും സംഭവിച്ചിട്ടില്ല. സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള എല്ലാ നിയമനങ്ങളും സ്പെഷ്യൽ റൂളിലെ നിബന്ധനകൾ പാലിച്ചാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ അർഹരായ ആർക്കും അവസരം നഷ്ടമായിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ 3:1 അനുപാതം പാലിക്കാതെ നിയമനം നടത്തിയത് മൂലം നേരിട്ടുള്ള നിയമനത്തിന് അർഹരായ എത്രപേർക്ക് അവസരം നഷ്ടമായി എന്ന് പരിശോധിച്ചിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ